compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 25
Tuesday, 25th November 2025

1201 വൃശ്ചികം 9
9th Vrischikam 1201

1947 അഗ്രഹായനം 4
4th Agrahayana 1947

വാല്യം 14
Vol. XIV

നമ്പർ / **No.** 47

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നം: DESU/KONNI/206/2025 20/11/2025

പത്തനംതിട്ട ജില്ല ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 09/08/2024 തീയതിയിലെ DDPTA/23/2024-C നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലെ കോന്നി ക്ഷീര വികസന ബ്ലോക്കിലെ നരിയാപുരം ക്ഷീരോത്പാദക സഹകരണ സംഘം Q 44(D) ആപ്കോസ് സമാപ്തീകരിക്കുന്നതിനു കോന്നി ക്ഷീര വികസന യൂണിറ്റിലെ ഡയറി ഫാം ഇൻസ്ട്രക്ടർ - B യൂണിറ്റിനെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതാണ് . ടി സാഹചര്യത്തിൽ സംഘത്തിലേക്ക് ഏതെങ്കിലും തുക ഒടുക്കുവാൻ ഉണ്ടെങ്കിൽ ആയതു നേരിൽ അടച്ചു രസീത് വാങ്ങേണ്ടതാണ് .ആയതു പോലെ ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ടി നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ രണ്ടു മാസത്തിനകം ലിക്വിഡേറ്ററായ കോന്നി ക്ഷീര വികസന യൂണിറ്റ് ഡയറി ഫാം ഇൻസ്ട്രക്ടർ - B യൂണിറ്റിനെ നേരിട്ടോ ഏജന്റ് മുഖാന്തിരമോ അറിയിക്കണം എന്നുള്ള വിവരം ഇതിനാൽ പൊതു ജനങ്ങളെയും സംഘ അംഗങ്ങളെയും അറിയിച്ചു കൊള്ളുന്നു .

ലിക്വിഡേറ്റർ

ഒപ്പ്

ക്ഷീരവികസനയൂണറ്റ്

കോന്നി ബ്ലോക്ക്

ഇളകൊള്ളൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ- ശ്രീമതി ട്രീസ തോമസ്, പെൻ - 774722)

നമ്പർ DDTSR/10084/2021-C തീയതി : 24-09-2025

വിഷയം :- ക്ഷീരവികസനവകുപ്പ്, തൃശ്ശൂർ ജില്ല - വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ നടവരമ്പ് ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം.ആർ.117 (ഡി) ആപ്കോസ് - പ്രവർത്തനരഹിതം - 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) വകുപ്പനുസരിച്ച് ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവായത് -സംബന്ധിച്ച്.

പരാമർശം:- 1. നടവരമ്പ് ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നം.ആർ.117 (ഡി) ആപ്കോസ് പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ/സീനിയർ ക്ഷീരവികസന ആഫീസർ, വെള്ളാങ്ങല്ലൂർ-ന്റെ 02.06.2025-ലെ DESU-TSR0VLR/25/2023 തീയതിയിലെ പി.ടി.എ. പുരോഗതി റിപ്പോർട്ട്.

2. ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ 05/09/2024 ലെ സർക്കുലർ നം. 37/2024.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ നടവരമ്പ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.ആർ.117 (ഡി) ആപ്കോസിൽ നഗരവൽക്കരണത്തിന്റെ ഭാഗമായും, സംഘം പ്രവർത്തനം നിലയ്ക്കുകയും പാലളവ് പുനസ്ഥാപിക്കുന്നതിനോ, ഭരണസമിതി രൂപീകരിക്കുന്നതിനോ, ക്ഷീരകർഷകരെ സംഘടിപ്പിക്കുന്നതിനോ, പ്രവർത്തനം പുനരാരംഭിക്കുന്നതിനോ സാധിക്കാത്തതിനാൽ സമാപ്തീകരണ നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വെള്ളാങ്ങല്ലൂർ സീനിയർ സീനിയർ ക്ഷീരവികസന ആഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശങ്ങൾക്ക് വിധേയമായി വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ നടവരമ്പ് ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നം.ആർ.117 (ഡി) ആപ്കോസിന്റെ പ്രവർത്തനം 1969-ലെ കേരളസഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിലെ അധികാരമുപയോഗിച്ചു കൊണ്ട് സമാപ്തീകരിക്കുന്നതിന് സമാപ്തീകരണ ഉദ്യോഗസ്ഥനായി (ലിക്വിഡേറ്റർ ആയി) വെള്ളാങ്ങല്ലൂർ സീനിയർ ക്ഷീരവികസന ആഫീസറെ നിയമിച്ച് ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ (ലിക്വിഡേറ്റർ) ഉത്തരവ് തീയതി മുതൽ 2 വർഷത്തിനകം പരാമർശം (2) സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സമാപ്തീകരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ എത്രയും വേഗം ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.25 01:59:20 +05:30